**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 29** — **27-01-2026 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ സൗജന്യ ചികിത്സാ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ രാജ്യത്തിനു തന്നെ മാതൃകയാകാൻ കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ; | (എ) | **വിശദാംശം അനുബന്ധം I** ആയി **ചേർക്കുന്നു.** |
| (ബി) | 2011-16 കാലയളവിൽ സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയിൽ വിവിധ പദ്ധതികളിലായി നടപ്പാക്കിയ സൗജന്യ ചികിത്സയുടെ വിശദാംശം ലഭ്യമാണോ; ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ; | (ബി) | വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | 2016-21, 2021-26 എന്നീ കാലയളവുകളിൽ ഈ ഇനത്തിൽ സർക്കാർ നടപ്പാക്കിയ സൗജന്യ ചികിത്സയുടെയും അതിനായി ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാണോ; അറിയിക്കാമോ; | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |
| (ഡി) | നടപ്പു സർക്കാരിന്റെ കാലയളവിൽ നടപ്പാക്കിയ സൗജന്യ ചികിത്സാ പദ്ധതി ദേശീയ ശരാശരിയുടെ എത്ര ശതമാനമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തു കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കും ആരോഗ്യ ഇൻഷ്വറൻസ് സംബന്ധിയായ പദ്ധതികൾക്കുമായി സംസ്ഥാന സർക്കാർ ഒരുവർഷം 1500 കോടി രൂപയോളം ചെലവ് ചെയ്യുമ്പോൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - പ്രധാന മന്ത്രി ജൻ ആരോഗ്യ പദ്ധതിക്കായി ആകെ ഒരു വർഷം കേന്ദ്ര സർക്കാർ നൽകുന്നത് 151.33 കോടി രൂപ മാത്രമാണ്. അകെ പദ്ധതി തുകയുടെ 60 ശതമാനം കേന്ദ്ര സർക്കാർ നൽകുമെന്ന് വ്യവസ്ഥ ഉണ്ടെങ്കിലും പരമാവധി ഒരു കുടുംബത്തിന് 631.2 രൂപ എന്ന ഉപ വ്യവസ്ഥ പ്രകാരം 151.33 കോടി മാത്രമാണ് ലഭിക്കുന്നത് ഇതു മൊത്തം പദ്ധതി ചെലവിന്റെ വെറും 10 ശതമാനം മാത്രം ആകുന്നു. |

| | | | |
|---|---|---|---|
| | | | ബാക്കി 90 ശതമാനം തുകയും സംസ്ഥാന സർക്കാർ ആണ് കണ്ടെത്തുന്നത്. |
| (ഇ) | കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കുമ്പോഴും സംസ്ഥാനത്തെ സൗജന്യ ചികിത്സാ പദ്ധതികൾ തുടരുന്നതിനും വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## സൗജന്യ ചികിത്സാ പദ്ധതികൾ

സർക്കാരിന്റെ ചുവടെ ചേർത്തിരിക്കുന്ന ആരോഗ്യ സുരക്ഷാ പദ്ധതികളിലൂടെ ആശുപത്രിയിൽ ചികിത്സ തേടി എത്തുന്ന അർഹതപ്പെട്ട എല്ലാ രോഗികൾക്കും ചികിത്സ ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

### കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കാസ്പ്).

2019 ഏപ്രിൽ മാസം മുതൽ സംസ്ഥാനത്ത് ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി എന്നപേരിൽ കേരള സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. 2018-19 കാലഘട്ടം വരെ RSBY കാർഡ് പുതുക്കിയവർ, ചിസ്, ചിസ് പ്ലസ് ഗുണഭോക്താക്കൾ എന്നിവർ KASP പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഒരു കുടുംബത്തിന് ഒരു വർഷം പരമാവധി 5 ലക്ഷം രൂപയുടെ ചികിൽസാ ആനുകൂല്യമാണ് പദ്ധതി വഴി ലഭ്യമാകുന്നത്. പൊതു സ്വകാര്യ മേഖലകളിൽ നിന്നും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ വഴി സംസ്ഥാനത്ത് പദ്ധതി സേവനങ്ങൾ ലഭ്യമാക്കി വരുന്നു. പദ്ധതിയുടെ ആരോഗ്യ ആനുകൂല്യ പാക്കേജ് (HBP) പ്രകാരം ഗുണഭോക്താക്കൾക്ക് പണരഹിത ചികിത്സാസേവനങ്ങളാണ് ലഭ്യമാക്കുന്നത്.

### കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്)

സംസ്ഥാനത്തെ 3 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളല്ലാത്ത കുടുംബങ്ങൾക്കായി നൽകി വരുന്ന ആരോഗ്യ ആനുകൂല്യ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്.). തദ്ദേശീയരായ ആദായനികുതി ദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ലോട്ടറി വകുപ്പ് നടപ്പിലാക്കി വന്നിരുന്ന പദ്ധതി സർക്കാർ തീരുമാന പ്രകാരം 2020 വർഷം മുതൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് നടപ്പിലാക്കി വരുന്നത്. 2 ലക്ഷം രൂപയുടെ ചികിത്സാ ആനുകൂല്യങ്ങളാണ് ഒരു കുടുംബത്തിന് ലഭ്യമാകുന്നത്. വൃക്ക സംബന്ധമായ രോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപയുടെ ആനുകൂല്യം അധികമായി ലഭിക്കും. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളിൽ നിന്നും ചികിത്സാ സേവനങ്ങൾ കാസ്പ് ആരോഗ്യ ആനുകൂല്യ പാക്കേജുകൾ പ്രകാരം ഗുണഭോക്താക്കൾക്ക് പണരഹിതമായി ലഭ്യമാണ്.

### ആരോഗ്യകിരണം പദ്ധതി

പതിനെട്ടുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണത്തിനുള്ള സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന 30 രോഗങ്ങൾക്ക് പുറമെയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സ സഹായം ലഭിക്കും. 2022 നവംബർ 1 മുതൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് ആരോഗ്യകിരണം പദ്ധതി നടപ്പാക്കുന്നത്. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെയാണ് പരിഗണന. തദ്ദേശീയരായ ആദായനികുതി ദായകരോ കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളാണ് പദ്ധതി ഗുണഭോക്താക്കൾ. പദ്ധതിയിലൂടെ മരുന്നുകൾ, പരിശോധനകൾ, ചികിത്സകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിൽ

നിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ ലഭ്യമല്ലാത്തവ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തികച്ചും സൗജന്യമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെ ഉയർന്ന ചികിത്സാ ചെലവ് നേരിടുന്ന കരൾ, വൃക്ക, മജ്ജ എന്നിവയുടെ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സേവനങ്ങൾ പദ്ധതി വഴി ലഭ്യമാക്കി വരുന്നു.

**ശ്രുതി തരംഗം പദ്ധതി**

തെറാപ്പി, ഗുരുതരമായ ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ "കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളായ ഓഡിറ്ററി വെർബൽ ഉപകരണങ്ങളുടെ അറ്റകുറ്റ പണികൾ, പ്രോസസ്സർ അപ്ഗ്രഡേഷൻ" എന്നിവ സൗജന്യമായി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ശ്രുതിതരംഗം', കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) നടപ്പാക്കി വന്നിരുന്ന പദ്ധതി സർക്കാർ തീരുമാന പ്രകാരം 2023 സാമ്പത്തിക വർഷം മുതൽ ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് നടപ്പിലാക്കി വരുന്നത്.

**RBSK**

18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് തെരെഞ്ഞെടുക്കപ്പെട്ട 30 രോഗാവസ്ഥകൾക്ക് ചികിത്സ നൽകുന്ന പദ്ധതിയാണിത് RBSK.

**പട്ടിക വർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി (ട്രൈബൽ സ്കീം)**

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സമ്പൂർണ്ണ സൗജന്യ ചികിത്സ ലഭ്യമാക്കുന്നു.അഡ്മിറ്റ് ആകുന്ന രോഗികൾക്ക് അവർ അഡ്മിറ്റ് ആകുന്ന ദിവസം മുതൽ ഡിസ്ചാർജ് ആകുന്ന ദിവസം വരെ സൗജന്യമായി ഭക്ഷണം ലഭ്യമാക്കുന്നു. ഡിസ്ചാർ ജ് ആകുന്ന സമയത്ത് രോഗിയെ ആശുപത്രിയിൽ നിന്നും വാഹനത്തിൽ സൗജന്യമായി വീട്ടിൽ എത്തിക്കുന്നു.കൂട്ടിരിപ്പുകാർക്ക് ദിവസം 200/- രൂപ നിരക്കിൽ കൂട്ടിരിപ്പ് അലവൻസ് അനുവദിച്ച് നൽകുന്നു

**സ്നേഹ സാന്ത്വനം-:**

സ്നേഹ സാന്ത്വനം സ്മാർട്ട് കാർഡ് ഉള്ള എല്ലാ എൻഡോസൾഫാൻ ദുരിതബാധിർക്കും ഈ ആനുകൂല്യം ലഭ്യമാകുന്നു.

**ആവാസ്(AWAAZ)**

അന്യ സംസ്ഥാന തൊഴിലാളികൾക്കായിട്ടുള്ള ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ പദ്ധതിയാണ് ആവാസ്(AWAAZ). കിടത്തി ചികിത്സ ആവശ്യമായ അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭ്യമാകും

**ഹൃദ്യം**

നാഷണൽ ഹെൽത്ത് മിഷനു കിഴിൽ വരുന്ന ഈ പദ്ധതി ഹൃദയ സംബന്ധമായ അസുഖമുള്ള(സർജറി ഉൾപ്പടെയുള്ള) 18 വയസ്സിനു താഴെയുള്ള എല്ലാ കുട്ടികൾക്കും നൽകി വരുന്ന സൗജന്യ ചികിത്സ പദ്ധതിയാണ്. ഈ പദ്ധതിയ്ക്ക് വരുമാന പരിധിയില്ല. ഇതുവരെ 8813 കുഞ്ഞുങ്ങൾക്കാണ് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തിയത്.

**മിഠായി പദ്ധതി**

18 വയസ്സിനു താഴെ പ്രായമുള്ള ടൈപ്പ് 1 ഡയബറ്റിക് ബാധിച്ചതും 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുബങ്ങളിലെ കുട്ടികൾക്കുമാണ് മിഠായി പദ്ധതി പ്രകാരമുള്ള ചികിത്സ ആനുകൂല്യം സൗജന്യമായി ലഭിക്കുന്നത്.

**ശ്രുതിതരംഗം**

ഗുരുതരമായ ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും അനുബന്ധ സേവനങ്ങളായ ഓഡിറ്ററി വെർബൽ തെറാപ്പി ഉപകരണങ്ങളുടെ അറ്റകുറ്റ പണികൾ, പ്രോസസ്സർ അപ്ഗ്രഡേഷൻ" എന്നിവ സൗജന്യമായി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരം നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ശ്രുതിതരംഗം'.

**മാതൃയാനം**

സർക്കാർ ആശുപത്രികളിൽ പ്രസവ ശേഷം അമ്മയെയും കുഞ്ഞിനേയും സൗജന്യമായി

വീട്ടിൽ എത്തിക്കുന്ന പദ്ധതിയാണ് ഇത് .എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ കുടുംബങ്ങൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**ആശാധാര പദ്ധതി** (Ashadhara Project) എന്നത് കേരള സർക്കാർ നടപ്പിലാക്കുന്ന ഒരു ആരോഗ്യ പദ്ധതിയാണ്, പ്രധാനമായും ഹീമോഫീലിയ (Hemophilia) പോലുള്ള ജനതിക രോഗങ്ങൾ ഉള്ളവർക്ക് സൗജന്യവും സമഗ്രവുമായ ചികിത്സ നൽകാനാണ് ഇത് ലക്ഷ്യമിടുന്നത്. ഇതിലൂടെ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ (Factor), ഫിസിയോതെറാപ്പി, വിദഗ്ധ ചികിത്സ എന്നിവ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്നു, കൂടാതെ രോഗികളുടെ വിവരങ്ങൾ കൈകാര്യം ചെയ്യാനായി ഒരു ഡിജിറ്റൽ പോർട്ടലും സജ്ജീകരിച്ചിട്ടുണ്ട്.

**SMA രോഗികളുടെ പരിചരണം ക്ലിനിക്ക്**

2022 ഫെബ്രുവരിയിൽ ആദ്യമായി സർക്കാർ തലത്തിൽ തിരുവനന്തപുരത്തെ SAT ആശുപത്രിയിലാണ് രോഗികളുടെ പരിചരണ ക്ലിനിക്ക് ആരംഭിച്ചത്. മാസത്തിൽ ആദ്യത്തെ ചൊവ്വാഴ്ചയാണ് OP നടത്തി വരുന്നത്.ഓർത്തോപീഡിക് ,സർജറി , ഫിസിയോതെറാപ്പി ടീം എന്നിവർ ഉൾപ്പെടുന്ന മൾട്ടി ഡിസിപ്ലിനെറി ടീം ചികിത്സ നൽകുന്നു.

കൂടാതെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്ന രോഗികൾക്കും പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. ആശുപത്രിയിൽ ലഭ്യമായ എല്ലാ സേവനങ്ങളും ബി.പി.എൽ വിഭാഗം രോഗികൾക്ക് ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗമല്ലെങ്കിലും സൗജന്യമായി തന്നെ നൽകി വരുന്നുണ്ട്. കൂട്ടിരിപ്പുകാർ ഇല്ലാത്ത രോഗികൾ, എ.ആർ.റ്റി രോഗികൾ, ജയിലിൽ നിന്നും വിദഗ്ധ ചികിത്സക്കായി കൊണ്ടു വരുന്ന രോഗികൾ, ശ്രീചിത്ര ഹോം/ഗാന്ധി ഭവൻ തുടങ്ങിയ വിവിധ അഗതിമന്ദിരങ്ങളിലെ രോഗികൾക്കും ഉൾപ്പെടെ സമൂഹത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന എല്ലാ വിഭാഗത്തിലെയും രോഗികൾക്കും സർക്കാരിന്റെ ആരോഗ്യ സുരക്ഷാ പദ്ധതികൾക്ക് പുറമേ ആശുപത്രി വികസന സമിതി വഴിയും സൗജന്യമായി ചികിത്സ നൽകി വരുന്നുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ അപകടങ്ങൾ സംഭവിച്ച് എത്തുന്ന രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി എമർജൻസി മെഡിസിൻ വിഭാഗം സജ്ജമാക്കിയിട്ടുണ്ട്. ട്രയാജ് സംവിധാനത്തോടെ അത്യാഹിത വിഭാഗത്തിൽ ചികിത്സ തേടി എത്തുന്ന രോഗികൾക്ക് മികച്ച ചികിത്സ സൗജന്യമായി തന്നെ ലഭിക്കുന്നുണ്ട്.

**ശലഭം**

കേരളത്തിലെ ചൈൽഡ് ഹെൽത്ത് പ്രോഗ്രാമിന് കീഴിലുള്ള എല്ലാ സ്ക്രീനിംഗ്, ഫോളോഅപ്പ് പ്രവർത്തനങ്ങൾക്കും നൽകിയിരിക്കുന്ന ബ്രാൻഡ് നാമമാണ് ശലഭം.

**KARE (Kerala united Against Rare Disease)**

അപൂർവ്വ രോഗങ്ങൾ കാരണം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് രോഗങ്ങൾ പ്രതിരോധിക്കാനും, നേരത്തെ കണ്ടെത്താനും, ചികിത്സകൾ ലഭ്യമായ സാഹചര്യങ്ങളിൽ അവ ലഭ്യമാക്കാനും, മരുന്നുകൾ കൂടാതെ സാധ്യമായ തെറാപ്പികൾ, സാങ്കേതിക സഹായ ഉപകരണങ്ങൾ ലഭ്യമാക്കുക, ഗൃഹകേന്ദ്രീകൃത സേവനങ്ങൾ ഉറപ്പുവരുത്തുക, മാതാപിതാക്കൾക്കുള്ള മാനസിക സാമൂഹിക പിന്തുണ ഉറപ്പ് വരുത്തുക തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനസർക്കാർ ഒരുക്കിയ ഒരു സമഗ്രപരിചരണ പദ്ധതിയാണ് KARE.

**NCD**

സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെ ജീവിതശൈലി രോഗ പദ്ധതിയുടെ ഭാഗമായി നിരവധി ചികിത്സാ വിധികൾ സൗജന്യമായി നൽകി വരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം പക്ഷാഘാത ചികിത്സയാണ്. സ്വകാര്യ ആശുപത്രികളിൽ ലക്ഷങ്ങൾ വേണ്ടിവരുന്ന ത്രോമ്പോലൈസിസ് ചികിത്സ സർക്കാർ സ്ട്രോക്ക് ക്ലിനിക്കുകളിലൂടെ സൗജന്യമായാണ് നൽകി വരുന്നത്. അതുപോലെ വീടുകളിൽ വെച്ച് തന്നെ ചെയ്യാവുന്ന ഡയാലിസിസ് പദ്ധതിയായ പെരിട്ടോണിയൽ ഡയാലിസിസും സൗജന്യമായാണ് രോഗികൾക്ക് നൽകി വരുന്നത്. ഡയബറ്റിക് റെറ്റിനോപ്പതി സ്ക്രീനിങ്,

സി. ഓ.പി.ഡി. സ്ക്രീനിംഗ്, പ്രമേഹ ചികിത്സ, രക്തസമ്മർദ്ദ ചികിത്സ തുടങ്ങിയ ചികിത്സാ വിധികളും സൗജന്യമായാണ് നൽകി വരുന്നത്. ഇതിനുപുറമേ ക്യാൻസർ നിർണയവും ചികിത്സയും വികേന്ദ്രീകൃത ക്യാൻസർ പദ്ധതിയിലൂടെ സൗജന്യമായാണ് രോഗികൾക്ക് നൽകി വരുന്നത്.

**കെ.എം.എസ്.സി.എൽ**

അവശ്യമരുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, എന്നാൽ രോഗചികിത്സയ്ക്ക് അത്യന്താപേക്ഷിതവുമായതും സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഉപയോഗിച്ച വരുന്നതുമായ വിലകൂടിയ ചിലയിനം മരുന്നുകൾ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി സ്പെഷ്യാലിറ്റി മരുന്ന പട്ടിക തയ്യാറാക്കി പ്രസ്തുത മരുന്നുകൾ കൂടി സംഭരിച്ച സൗജന്യമായി വിതരണം നടത്തിയതിലൂടെ സർക്കാർ ആശുപത്രികളെ മാത്രം സമീപിക്കുന്ന പാവപ്പെട്ട രോഗികളുടെ ചികിത്സാ ചെലവ് കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കാരുണ്യ സ്പർശം എന്ന പേരിൽ **29.8.2024** ന് പ്രവർത്തനം ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ലാഭരഹിത കൗണ്ടറുകളിലൂടെ കേരളത്തിലുടനീളമുള്ള അർബുദരോഗികൾക്കാവശ്യമായ **200** ൽ പരം ബ്രാൻഡഡ് മരുന്നുകൾ വിപണി വിലയെക്കാൾ വളരെ കുറഞ്ഞ നിരക്കിൽ നൽകി വരുന്നു.

ഇത്തരത്തിൽ അവശ്യമരുന്നുകൾക്കു പുറമെ, സർക്കാരിന്റെ വിവിധ ആരോഗ്യ പദ്ധതികളും ഉൾപ്പെടുത്തിക്കൊണ്ട് പ്രതിവർഷം ആയിരം കോടിയിൽപ്പരം രൂപ മൂല്യം വരുന്ന മരുന്നുകൾ, സ്പെഷ്യാലിറ്റി മരുന്നുകൾ, അർബുദരോഗ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ എന്നിവ സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലൂടെ സൗജന്യമായി വിതരണം നടത്തി സംസ്ഥാനത്തെ സർക്കാർ ആരോഗ്യ ചികിത്സാ മേഖലയെ രാജ്യത്തെ തന്നെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം II**

എൻ.എച്ച്.എം

| വർഷം | പദ്ധതി | തുക (കോടിയിൽ) |
|---|---|---|
| 2011-12 | മരുന്നു നൽകിയത് | 7.78 |
| 2012-13 | അമ്മയും കുഞ്ഞും, സൗജന്യ മരുന്നു നൽകിയത്, നവജാത ശിശുക്കൾക്ക് സൗജന്യ ചികിത്സ നൽ കിയത് | 36.09 |
| 2013-14 | അമ്മയും കുഞ്ഞും, സൗജന്യ മരുന്നു നൽകിയത്, നവജാത ശിശുക്കൾക്ക് സൗജന്യ ചികിത്സ നൽ കിയത് | 62.49 |
| 2014-15 | അമ്മയും കുഞ്ഞും, സൗജന്യ മരുന്നു നൽകിയത്, നവജാത ശിശുക്കൾക്ക് സൗജന്യ ചികിത്സ നൽ കിയത്, ആരോഗ്യ കിരണം, RBSK | 47.56 |
| 2015-16 | അമ്മയും കുഞ്ഞും, സൗജന്യ മരുന്നു നൽകിയത്, നവജാത ശിശുക്കൾക്ക് സൗജന്യ ചികിത്സ നൽ കിയത്, ആരോഗ്യ കിരണം, RBSK | 94.68 |
| 2016-17 | JSSK, ആരോഗ്യ കിരണം, RBSK, സൗജന്യ മരുന്നുകൾ | 62.32 |
| 2017-18 | JSSK, ആരോഗ്യ കിരണം, RBSK, സൗജന്യ മരുന്നുകൾ | 137.52 |
| 2018-19 | JSSK, ആരോഗ്യ കിരണം, RBSK, സൗജന്യ മരുന്നുകൾ | 180.97 |
| 2019-20 | JSSK, ആരോഗ്യ കിരണം, RBSK, സൗജന്യ | 258.43 |

| | | |
|---|---|---|
| | മരുന്നുകൾ | |
| 2020-21 | JSSK, ആരോഗ്യ കിരണം, RBSK, | 87.36 |
| 2021-22 | JSSK, ആരോഗ്യ കിരണം, RBSK, സൗജന്യ മരുന്ന് | 162.70 |
| 2022-23 | JSSK, ആരോഗ്യ കിരണം, RBSK, സൗജന്യ മരുന്ന് | 271.58 |
| 2023-24 | JSSK, ആരോഗ്യ കിരണം, RBSK, സൗജന്യ മരുന്ന് | 91.51 |
| 2024-25 | JSSK, ആരോഗ്യ കിരണം, RBSK, സൗജന്യ മരുന്ന് | 115.72 |
| 2025-26 December 2025 വരെ | JSSK, ആരോഗ്യ കിരണം, RBSK, | 29.42 |

**ദേശീയ അന്ധതാ നിവാരണ പദ്ധതി, കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി**

| **വർഷം** | **ദേശീയ അന്ധതാ നിവരണ പദ്ധതി (തുക ലക്ഷം)** | **കുഷ്ഠരോഗ നിർമ്മാർജന പദ്ധതി (തുക ലക്ഷം)** |
|---|---|---|
| 2011-12 | 405.94 | 54.57 |
| 2012-13 | 603.94 | 58.38 |
| 2013-14 | 370.49 | 60.19 |
| 2014-15 | 120.79 | 46.11 |
| 2015-16 | 833.56 | 31.50 |
| 2016-17 | 416.87 | 30.66 |
| 2017-18 | 630.46 | 62.37 |
| 2018-19 | 719.07 | 744.38 |
| 2019-20 | 467.59 | 10.82 |
| 2020-21 | 858.46 | 338.55 |
| 2021-22 | 518.31 | 12.88 |
| 2022-23 | 938.70 | 967.10 |
| 2023-24 | 649.83 | 121.55 |
| 2024-25 | 1062.42 | 127.40 |
| 2025-26 (December 2025) | 474.64 | 156.50 |

**ക്ഷയരോഗ നിർമ്മാർജ്ജനം,**

| **വർഷം** | **ക്ഷയരോഗ നിർമ്മാർ** |
|---|---|

| | ജജനം |
|---|---|
| 2016-17 | 11,50,000/- |
| 2017-18 | 11,50,000/- |
| 2018-19 | 11,50,000/- |
| 2019-20 | 11,50,000 |
| 2020-21 | 7,47,000 |
| 2021-22 | 7,47,000 |
| 2022-23 | 7,47,000 |
| 2023-24 | 7,47,000 |
| 2024-25 | 7,47,000 |
| 2025-26 | 7,47,000 |

National Oral Health Programme (മന്ദഹാസം)

| FY | Outlay | Expenditure |
|---|---|---|
| 2017-18 | 77,00,000 | 25,77,500 |
| 2018-19 | 64,92,500 | 57, 19,500 |
| 2019-20 | 79,80,000 | 25,70,000 |
| 2020-21 | nil | Nil |
| 2021-22 | nil | nil |
| 2022-23 | nil | Nil |
| 2023-24 | 70,00,000 | 38,60,000 |
| 2024-25 | 50,00,000 | 50,00,000 |

ചിയാക് (Comprehensive Health Insurance Agency of Kerala)

| Year | RSBY/ CHIS ( in crores) | CHIS PLUS( in crores) | AWAAZ |
|---|---|---|---|
| 2011-12 | 218.98 | 26.08 | |
| 2012-13 | 188 | 56.94 | |
| 2013-14 | 204.6 | 53.08 | |
| 2014-15 | 236 | 68.02 | |
| 2015-16 | 216 | 73.42 | |
| 2016-17 | 273.28 | 83.59 | |
| 2017-18 | 321.22 | 73.09 | |
| 2018-19 | 683 | 88.02 | 0.37 |

| | | | |
|---|---|---|---|
| 2019-20 (*ഈ പദ്ധതി കാസ്പ് എന്ന പേരിൽ SHA മുഖാന്തിരം നടപ്പിലാക്കി വരുന്നു) | – | – | 851475 |
| 2020-21 | – | – | 697075 |
| 2021-22 | – | – | 416245 |
| 2022-23 | – | – | 760745 |
| 2023-24 | | | 758170 |
| 2024-25 | | | 370500 |
| 2025-26 | | | 396745 |

**സ്റ്റേറ്റ് ഹെൽത്ത് ഏജൻസി**

| **സ്കീം** | **വർഷം** | **ക്ലെയിം ചെയ്ത തുക** |
|---|---|---|
| **കാസ്പ്** | **2019-2021** | 1417.26 |
| | **2021-2025** | 7128.53 |
| **കെ.ബി.എഫ്** | **2020-21** | 19.30 |
| | **2021-25** | 587.21 |
| **ആരോഗ്യ കിരണം** | **2022-2025** | 63.60 |